# സാഹിത്യഗവേഷണം കലയും വിമർശനവും

സമ്പാദനം • പഠനം
ഡോ. എ. എസ്. പ്രതീഷ്

സാഹിത്യഗവേഷണം കലയും വിമർശനവും സമ്പാദനം • പഠനം ഡോ. എ. എസ്. പ്രതീഷ്

സാഹിത്യഗവേഷണം കലയും വിമർശനവും



സമ്പാദനം • പഠനം
ഡോ. എ. എസ്. പ്രതീഷ്

മലയാള സാഹിത്യഗവേഷണ രംഗത്ത് കഴിഞ്ഞ അരനൂറ്റാണ്ടുകാലം ലഭിച്ച മികച്ച ചില പ്രബന്ധങ്ങളുടെ സമാഹാരമാണിത്. സാഹിത്യഗവേഷണത്തെ കലാത്മകമായും വിമർശനാത്മകമായും സമീപിക്കുന്ന ഈ ഗ്രന്ഥം സാഹിത്യവിദ്യാർത്ഥികൾക്കും ഗവേഷകർക്കും തുടർ പഠനങ്ങൾക്ക് ഏറെ സഹായകമാണ്.

വില: ₹ 160/-
SIL - 4633
കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
തിരുവനന്തപുരം
ISBN 978 81-200-4633-7

സ്നേഹവുമാണ് ഒരധ്യാപകനെന്ന നിലയ്ക്ക് ഡോ.എൻ.മുകുന്ദനെ വ്യതിരിക്തനാക്കുന്നത്.

കേരളസർവകലാശാല മലയാളവിഭാഗത്തിന്റെ അധ്യക്ഷപദവിയിൽ നിന്ന് ഔദ്യോഗികമായി അദ്ദേഹം വിരമിച്ചെങ്കിലും ഇപ്പോഴും ഗവേഷണ പ്രവർത്തനങ്ങൾ അവിരാമം തുടരുന്നു. അദ്ദേഹത്തിന്റെ മേൽനോട്ടത്തിൽ പുറത്തുവന്ന എല്ലാ ഗവേഷണ പ്രബന്ധങ്ങളുടെയും സംഗ്രഹത്തെ ഈ സന്ദർഭത്തിൽ അവസരോചിതമായി പരിഷ്കരിച്ച് രൂപമാറ്റത്തോടെ പ്രസിദ്ധീകരിക്കുകയാണ്. ഈ പുസ്തകത്തിന്റെ പ്രസിദ്ധീകരണച്ചുമതല ഏറ്റെടുത്ത കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പ്രൊഫ. വി. കാർത്തികേയൻനായർ സാറിനോടുള്ള കൃതജ്ഞതയും എഡിറ്റർ ഡോ. ബിജു ബാലകൃഷ്ണൻ സാറിനോടുള്ള നന്ദിയും ഈ അവസരത്തിൽ അറിയിക്കുന്നു. അധ്യാപനത്തിന്റെ മഹത്വം എന്നിലേയ്ക്കു പകർന്നു തന്ന, മലയാള വിമർശന വഴിയിൽ സ്വതന്ത്രവും നീതിയുക്തവുമായ നിലപാടുകളുടെ തീക്ഷ്ണസാന്നിധ്യമായ 'അറിവിന്റെ ഗുരുമുഖം' ഡോ. എൻ. മുകുന്ദൻ സാറിന് ഈ പുസ്തകം സ്നേഹാദരങ്ങളോടെ സമർപ്പിക്കുന്നു.

**ഡോ.എ.എസ്. പ്രതീഷ്**

## ഉള്ളടക്കം

1. കവിത്രയകവിതകളിലെ ക്ലാസിക് ചാരുതകൾ
- *ഡോ. വിജയൻ ചാലോട്* ....... 1

2. കാൽപ്പനികകവിതയിലെ സങ്കടക്കടൽ
- *ഡോ. കെ. പ്രസന്നരാജൻ* ....... 21

3. ഭ്രമകൽപ്പനയിൽ കഥമെനയുമ്പോൾ
- *ഡോ. വൽസലൻ വാതുശ്ശേരി* ....... 41

4. കുമാരനാശാന്റെ കവിതയിലെ സ്വാതന്ത്ര്യസങ്കൽപ്പം
- *ഡോ. നുജും* ....... 53

5. കവിതയും പ്രകൃതിയും
- *ഡോ. സുരേഷ്* ....... 63

6. കവിതയിലെ കേരളീയമുദ്രകൾ
- *ഡോ. സുചിത്ര.എം.എസ്* ....... 71

7. കവിതയും പ്രത്യയശാസ്ത്രവും
- *ഡോ. ഗംഗാദേവി.എം.* ....... 96

8. പ്രണയത്തിന്റെ കാവ്യപുസ്തകം
- *ഡോ. തുളസീമണി* ....... 110

9. പാരമ്പര്യവും ആധുനികതയും
- *ഡോ. സി. ഉണ്ണികൃഷ്ണൻ* ....... 113

10. ചീരാമകവിയുടെ സാഹിത്യഭംഗികൾ
- *ഡോ. എൻ. ലീലാബായ്* ....... 122

11. മാനവികതയുടെ കാവ്യപ്രയാണങ്ങൾ
- *ഡോ. എ. രമാദേവി* ....... 141

പങ്കുവഹിക്കാൻ കഴിഞ്ഞേക്കില്ലെന്ന് വന്നേക്കാം. ആധുനികനാഗരീകരണത്തിന്റെ മനുഷ്യമാത്രകേന്ദ്രീകൃതമായ വികാസലക്ഷ്യത്തോടെ മലയാളി കാടുകളിലേക്കു കടന്നുകയറ്റം നടത്തുകയും നദീജലത്തെ മലിനമാക്കുകയും പ്രകൃതിയുടെ വിശുദ്ധി സൃഷ്ടിക്കുന്ന ഗ്രാമങ്ങളെത്തന്നെയും അപ്രത്യക്ഷമാക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. യാന്ത്രിക സംസ്കൃതിയിൽ കുളിക്കുന്ന മനുഷ്യന്റെ ഈ അവസ്ഥ കവിയെയും സ്വാധീനിക്കാതിരിക്കില്ല. ഇപ്പോൾത്തന്നെ പ്രകൃതിബിംബങ്ങൾക്കുപകരം മനുഷ്യനിർമിതമായ വസ്തുക്കൾ മലയാളകവിയുടെ ഭാവനാശൈലിയെ ഗ്രസിച്ചുതുടങ്ങിയിരിക്കുന്നു. പ്രകൃതിയിൽ നിന്നും മലയാളി പൂർണമായും അകന്നുപോയേക്കാമെന്ന് ശങ്കിക്കുന്ന ഒരു കാലഘട്ടത്തിനു മുൻപുള്ള അവസ്ഥയെ സംബന്ധിച്ച ഓർമക്കുറിപ്പായി ഒരുപക്ഷേ ഈ പഠനം സ്ഥാനംപിടിച്ചേക്കാം ■

# കവിതയിലെ കേരളീയമുദ്രകൾ

ഡോ. എം. എസ്. സുചിത്ര

സാഹിത്യത്തിലെ പ്രാദേശികതയുടെ ഉറവിടം പ്രകൃതി, പ്രത്യേക പ്രദേശം, പ്രവിശ്യ എന്നീ മൂന്ന് ഘടകങ്ങളാണ്. ഏതിനോടും തീക്ഷ്ണമായി സംവദിക്കുന്ന എഴുത്തുകാരന്റെ മാനസികതലം ഈ ഘട്ടങ്ങളിൽ ചായ്‌വ് പ്രകടിപ്പിക്കുമ്പോൾ പ്രയോഗികാനുഭവത്തിന്റെ സാന്നിധ്യത്തിൽ പ്രാദേശികതയുടെ നാമ്പുകൾ രചനകളിൽ പ്രത്യക്ഷമാകുക സ്വാഭാവികമാണ്. എന്നാൽ ദേശീയത, വിചാരവിശുദ്ധിയിൽ നിന്നും രൂപപ്പെടുന്നതും വിശ്വത്തിന്റെ ഒരു വിനീത ഭാഗമായിത്തീരാൻ പ്രേരിപ്പിക്കുന്നതുമാണ്. ആദർശതലത്തിന്റെ സ്വഭാവമാണ് അതുൾക്കൊള്ളുന്നത്. ഇതിൽ നിന്നും വേറിട്ടു നിൽക്കുന്ന, തന്റേതെന്ന മമതാബോധത്തിൽ അടിയുറച്ച മൗലികവികാരസത്തയാണ് പ്രാദേശികത. ഈ മനോഭാവത്തിന്റെ ഫലമാണ് ഭാഷ, നാട്, തുടങ്ങിയ വിഭാഗീയതയിൽ തന്റേതുമാത്രമായ അവസ്ഥാന്തരം സൃഷ്ടിക്കാനുള്ള ത്വര. ആദർശത്തിന്റെ തലത്തിൽ രാഷ്ട്രത്തെ അടിസ്ഥാനമാക്കുമ്പോൾ ഭാരതവും വൈകാരികതലത്തിൽ ഒരു പ്രദേശത്തെ അടിസ്ഥാനമായി സ്വീകരിക്കുമ്പോൾ കേരളവും സാഹിത്യത്തിൽ കേന്ദ്രപ്രതിഷ്ഠ നേടുന്നു.

സാഹിത്യത്തിലെ പ്രാദേശികത സാമാന്യത്തിലല്ല, വിശേഷത്തിലാണ് കുടികൊള്ളുന്നത്. വിശ്വമാനവികതയിലേക്കുള്ള വികാസത്തിന്റെയും തന്നിലേക്ക് ഉൾവലിയുന്ന സങ്കോചത്തിന്റെയും മധ്യവർത്തിയായി മാറുന്ന മനോഭാവമാണ് തന്റെ നാടിനോടുള്ള ആഭിമുഖ്യത്തിലേക്ക് വ്യക്തിയെ നയിക്കുന്നത്. വ്യക്തിഭേദമനുസരിച്ച് തന്റെ നാടിനെക്കുറിച്ചുള്ള ബോധം ഏറിയോ കുറഞ്ഞോ പ്രത്യക്ഷമാകാമെങ്കിലും ഒരു വ്യക്തിക്കും തന്റെ നാടിന്റെ ഏകാന്ത വ്യക്തിത്വം സൃഷ്ടിക്കുന്ന വേർപെടുത്താനാകാത്ത അവസ്ഥാവിശേഷത്തിൽ നിന്ന് മുക്തനാകാൻ സാധ്യ